**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2912** **12-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശമേഖലകളുടെ വികസനത്തിനുള്ള കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തീരദേശമേഖലകളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി വഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശമേഖലകളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഫിഷറീസ് വകുപ്പ് വഴി 2016 മുതൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട് എത്ര റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 2016 മുതൽ ഇതുവരെ 2000 എണ്ണം റോഡുകളുടെ പ്രവൃത്തികൾക്ക് 88,364.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 1336 റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ബാക്കി റോഡുകളുടെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു . റോഡ് പ്രവൃത്തികൾക്കായി 2016 മുതൽ 592.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| 1 | തീരസംരക്ഷണ പ്രവൃത്തികൾ | 34.108 |
| 2 | മത്സ്യബന്ധനതുറമുഖ നിർമ്മാണം | 36.878 |
| 3 | വിദ്യാഭ്യാസാടിസ്ഥാനസൗകര്യ വികസന പദ്ധതികൾ | 35.88 |
| 4 | മത്സ്യമാർക്കറ്റ് നിർമ്മാണം | 0.29 |
| | **ആകെ** | **107.156** |

സംസ്ഥാനത്തെ തീരദേശ മേഖലയുടെ വികസനത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 7 തീര സംരക്ഷണ പ്രവൃത്തികൾക്കും 2 മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനുമായി യഥാക്രമം 82.0169 കോടി രൂപയും 209.65 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ SPV ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് (KSCADC) ചുമതലപ്പെടുത്തിയിരിക്കുന്നത്.